**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **11-09-2023 - ൽ മറുപടിയ്ക്ക്**

**റോഡ് നവീകരണവും സുരക്ഷാക്രമീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം പദ്ധതി, ഐ.ടി. വികസനം, വ്യവസായ ഇടനാഴികൾ തുടങ്ങിയ സർക്കാർ നടപ്പാക്കി വരുന്ന വൻകിട പദ്ധതികൾക്ക് അനുയോജ്യമായ വിധം റോഡുകളുടെ ശൃംഖല വർദ്ധിപ്പിക്കേണ്ടതിന്റെയും നവീകരിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന രംഗത്ത് കുതിച്ചുചാട്ടം ഉണ്ടാക്കുന്ന വൈവിധ്യമാർന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വൻകിട പദ്ധതികൾക്ക് അനുസൃതമായി റോഡുകളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ദേശീയപാതകളുടെ നവീകരണ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്.<br><br>വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ഉണ്ടാകുന്ന വികസനക്കുതിപ്പ് ഉപയോഗപ്പെടുത്തുന്നതിന് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പുതിയ ദേശീയപാതകളുടെ പ്രവൃത്തിയും കേരളത്തിൽ സാധ്യമാക്കുന്നതിന് സർക്കാർ മുൻകൈ എടുത്ത് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. മലയോര പാത, തീരദേശ പാത എന്നിവയുടെ നിർമ്മാണവും കേരളത്തിലെ പശ്ചാത്തല വികസന മേഖലയിൽ വലിയ മാറ്റം സൃഷ്ടിക്കും. കേരളത്തിൽ തടസ്സമില്ലാത്ത റോഡ് ശൃംഖല സൃഷ്ടിക്കുന്നതിനായി ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതിയും നടപ്പിലാക്കുന്നു. ജംഗ്ഷൻ വികസനത്തിനായി വ്യത്യസ്ത പദ്ധതികളും പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ റോഡ് ശൃംഖല ഡിസൈൻഡ് റോഡുകളായി നവീകരിക്കുന്നതിനും പാലങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ നവീകരിക്കുന്ന പദ്ധതിയും തുടരുന്നു. ഈ സാമ്പത്തിക വർഷം നൂറ് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയാണ് |

| | | | |
|---|---|---|---|
| | | | ലക്ഷ്യം. കേരളത്തിലെ പൊതുമരാമത്ത് റോഡുകൾ BM-BC നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള NH 766, NH 183, NH 183 A, NH 185 എന്നീ ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി നടന്നു വരുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻകീഴിലുള്ള ദേശീയപാതകളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>സംസ്ഥാനത്ത് ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ നിർമ്മാണത്തിലിരിക്കുന്ന ദേശീയപാത കളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ദേശീയ, സംസ്ഥാന, ജില്ലാ റോഡുകളിലെ വാഹനങ്ങളുടെ വേഗപരിധി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അതിന് അനുസൃതമായി പ്രസ്തുത റോഡുകളുടെ നിലവാരം ഉയർത്തുകയും സുരക്ഷാക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ദേശീയപാതയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ റോഡ് സുരക്ഷാ ഓഡിറ്റിന് വിധേയമാക്കപ്പെടുന്നുണ്ട്. പൂർത്തിയായ പദ്ധതികളിലും റോഡ് സുരക്ഷാ വിദഗ്ധരുടെ നേതൃത്വത്തിൽ ഓഡിറ്റിംഗ് നടത്താറുണ്ട്. ഇത്തരത്തിൽ റോഡ് സുരക്ഷാ ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കി ദേശീയപാതകളുടെ സുരക്ഷ ഉറപ്പുവരുത്താറുണ്ട്.<br><br>സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മിതികളിൽ /നവീകരണ പ്രവൃത്തികളിൽ നിർബന്ധമായും റോഡ് സുരക്ഷക്കായുള്ള ഇനങ്ങൾ ഉൾപ്പെടുത്തി അതുപ്രകാരം ആയതിനാവശ്യമായ ഗതാഗത സുരക്ഷാക്രമീകരണങ്ങളും പ്രവൃത്തികളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ റോഡുകളിലും കണ്ടെത്തിയിട്ടുള്ള ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ അപകടരഹിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | Accident Data അനുസരിച്ച് ദേശീയ പാതയിലെ Black Spot നിർണ്ണയിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. അപകടങ്ങളുടെ കാരണം വിലയിരുത്തിയ ശേഷം റോഡ് സുരക്ഷാ വിദഗ്ധർ സ്ഥലപരിശോധന നടത്തി താൽക്കാലിക പരിഹാര മാർഗ്ഗങ്ങളും ദീർഘകാല അടിസ്ഥാനത്തിലുള്ള പരിഹാര മാർഗ്ഗങ്ങളും (Short term, Long term remedial measures) നിർദ്ദേശിക്കുന്നു. ദീർഘകാല പരിഹാര മാർഗ്ഗങ്ങളായ ഗ്രേഡ് സെപ്പറേറ്റർ, സർവ്വീസ് റോഡ്, ബൈപ്പാസ് എന്നിവ ഭൂമിയുടെ ലഭ്യതയനുസരിച്ച് നടപ്പാക്കുന്നതാണെന്ന് |

ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനു കീഴിലുള്ള പാതകളിൽ 32 Accident Spot കൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിലെ താൽക്കാലിക പരിഹാരത്തിനായി റോഡ് സുരക്ഷ ഉപകരണങ്ങളായ സൈൻ ബോർഡ്, സോളാർ ബ്ലിങ്കേഴ്സ്, ഷെവറോൺസ്, ഡിലിനിറ്റേഴ്സ്, റമ്പിൾ സ്ട്രിപ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ശാശ്വത പരിഹാരത്തിനായി 8 Accident Spot കളിൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

സംസ്ഥാന പാതകളിൽ അപകടം നടക്കുന്ന സ്ഥലങ്ങളിൽ തുടർന്നും അപകടങ്ങൾ ഒഴിവാക്കുന്നതിനായി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്ത സ്ഥലപരിശോധന നടത്തി റോഡിലെ അപകട കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനു ആവശ്യമായുള്ള നടപടികൾ ഫണ്ട് ലഭ്യതയനുസരിച്ച് സ്വീകരിച്ചു വരുന്നു. ആക്സിഡൻറ് ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തര സുരക്ഷാ മുൻകരുതൽ പ്രവൃത്തികൾ നടപ്പിലാക്കിയതു വഴി അപകടതീവ്രത കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. റോഡുകളിലെ സ്ഥിരമായി അപകട മുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകളും വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, 'No Overtaking', ഷെവറോൺ എന്നീ സൈൻ ബോർഡുകളും സ്ഥാപിക്കാറുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ റോഡിന് കുറുകെ സ്ഥാപിക്കാറുണ്ട്. അപകട സാധ്യത മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥലലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കാറുമുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിങ്ങുകളും സ്റ്റഡുകളും സ്ഥാപിക്കാറുണ്ട്. ഓവർടേക്കിംഗ് അനുവദനീയമല്ല എന്നറിയിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്. അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

ANNEXURE 1

DPR on Notified NHs entrusted to State PWD, Kerala

| Sl. No. | Name of Notified /In-principle NH | From | To | length (Km) | Name of consultant | LA notification status | CALA unit | Remarks |
|---|---|---|---|---|---|---|---|---|
| 1 | 766 | Puthupaddy (Km.40/00) in Kozhikode District | Muthanga (Kerala/Karnataka Boarder (km 117/6) (incl. Sulthanbathery) in Wayanad Dist. | 77.6 | M/s L&T infra | 3(a) published on 6/12/2021. 3(A) GOI Gazette notification 28.03.2022 & 31.05.2022 | Special Thahsildar (LA General Wayanad)<br>Special Deputy Collector (LA NH Kozhikode) | Alignment approved on 2/9/2020. LA estimate amounting to Rs. 214.88Cr. Approved by MoRTH on 12.10.2022. The cost estimate of the work for Rs. 1054.61 crores was submitted to MoRTH on 15.11.2022 for sanction. The same is returned with some observations. 3A revalidation in progress |
| 2 | 183 | Mundakkayam (km 160/000) in Idukki Dist. | Kumily (km 215/450) in Idukki Dist. | 55.45 | M/s Mukesh & Associates | 3(a) published on 3/02/2022 | Special Thahsildar (LA-NH Idukki) | Alignment approved on 31/8/2021.LA estimate of Rs. 292.63 Crores submitted to MoRTH on 04.03.2023. Returned with observations.Resubmission under process |
| 3 | 185 | Adimaly (km. 0/0) in Idukki Dist. | Kumily (km. 96/0) in Idukki Dist. | 96 | M/s Planning Infra & LKT Engineering | 3(a) published on 3/02/2022. 3(A) published on 22/3/2022 | Special Thahsildar (LA-NH Idukki) | Alignment approved on 14/1/2021. LA estimate amounting to Rs.350.74Cr submitted to MoRTH on 03.09.2022. Sanctioned by MoRTH .3A revalidation in progress |
| 4 | 766 | Kozhikode Malaparambha ( km 5/0) | Puthupaddy (Km 40/000) in Kozhikode Dist. | 35 | M/s Mukesh & Associates | 3(a) published on 03/02/2022 | Special Thahsildar (LA NH Koilandy | Alignment approved on 23/12/2021. LA estimate for Rs.454.01 Cr Sanctioned by MoRTH |
| 5 | 183 | Kottayam (km 106/700) | Ponkunnam(km 137/000)- Kottayam Dist | 30.3 | M/s C.V.Kant | 3(a) published on 3/02/2022 | Special Thahsildar (LA-Power Grid Kottayam) | Alignment approved on 14/1/2021. 3A is under progress with CALA. CALA ablolished. New CALA to be appointed |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 183 | Kollam (km 0/0) | Anjilimoodu (km 62/100)- Kollam Dist. | 62.1 | M/s C.V.Kant & Shrikande | 3a published on 20.01.2023 | | On 04.08.2022 alignment from 28/500-62/100 was approved from Ministry. On 06.09.2022 alignment of rest of stretch from 0/000-28/500 approved from Ministry. 3a published on 20.01.2023. 3A under process |
| 7 | 183A | Baranikkavu (Km 0/00) in Kollam Dist. | Mundakkayam (Km.116.800)- in Idukki Dist. | 116.8 | M/s STUP Consultants | 3a published on 20.03.2023 | | On 28.08.2022 alignment approved from Ministry. 3a published on 20.03.2023.3A under process |

Annexure-A

**Progress of NH Projects Under Implementation by NHAI:**

| Sl. No. | Name of Project | Length (km) | Awarded/ TPC (Cr.) | Appointed Date/ Commencement Date | Scheduled / Likely date of completion | Physical progress (%) |
|---|---|---|---|---|---|---|
| 1. | 4 Laning of Thalassery-Mahe Bypass from km. 170.600 to km.189.200 on NH-66 on EPC Mode | 18.6 | 883.98/ 1503.86 | 04.12.2017 | 31.05.2020/ 30.11.2023 | 93.47 % |
| 2 | Construction of six lane minor bridge at km 203.160 and major bridge at km 204.895 of NH-66 | 2.1 | 68.55/ 213.06 | 09.12.2020 | 11.06.2022/ 01.10.2023 | 82.47 % |
| 3 | Six laning of Existing Kozhikode Bypass (i.e. Vengalam Jn. to Ramanattukara Jn.) from km 230.400 to km 258.800 (Design Chainage) of NH-66 | 28.4 | 1710/ 1862.77 | 22.02.2021 | 21.02.2023/ 17.09.2024 | 46.71 % |
| 4 | 6-laning of Chengala to Neeleshwaram on NH-66 (Old NH-17) on HAM Mode | 37.268 | 1799/ 2377.88 | 15.10.2021 | 11.04.2024/ 11.04.2024 | 36.84 % |
| 5 | 6-laning of Neeleshwaram to Thalipparamba on NH-66 (Old NH-17) on HAM Mode | 40.11 | 2251/ 3799.76 | 15.10.2021 | 11.04.2024/ 11.04.2024 | 26 % |
| 6 | 6-laning of Thalappady to Chengala on NH-66 (Old NH-17) on HAM Mode | 39 | 1704.124/ 2430.53 | 18.11.2021 | 15.05.2024/ 15.05.2024 | 49 % |
| 7 | 6-laning of Azhiyur to Vengalam on NH-66 (Old NH-17) on HAM Mode | 40.8 | 1838.1/ 3713.14 | 30.10.2021 | 26.04.2024/ 31.05.2024 | 29 % |
| 8 | 6-laning of Thalipparamba to Muzhapilangadu on NH-66 (Old NH-17) on HAM Mode | 29.948 | 2038/ 3319.41 | 29.11.2021 | 26.05.2024/ 26.05.2024 | 31.30 % |
| 9 | 6-laning of Ramanattukara to Valanchery on NH-66 (Old NH-17) on HAM Mode | 39.68 | 2367.5/ 4708.42 | 21.01.2022 | 19.07.2024/ 19.07.2024 | 36.81 % |
| 10. | 6-laning of Valanchery to Kappirikkad on NH-66 (Old NH-17) on HAM Mode | 37.35 | 2140/ 3790.17 | 21.01.2022 | 19.07.2024/ 19.07.2024 | 42.50 % |

| | | | | | | |
|---|---|---|---|---|---|---|
| 11. | 6 Laning of Thuravoor Thekku – Paravoor section of NH-66(Old NH-47) on EPC Mode | 37.9 | 1118/ 2638.67 | 17.03.2022 | 12.09.2024/ 12.09.2024 | 11.7 % |
| 12 | 6 Laning of Kottukulangara – Start of Kollam Bypass of NH-66(Old NH-47) on HAM Mode | 31.5 | 1580/ 3351.23 | 12.04.2022 | 08.10.2024/ 08.10.2024 | 19.74 % |
| 13 | Six Laning of Kadambattukonam to Kazhakuttom of NH-66(Old NH-47) on EPC Mode | 29.83 | 795/ 3463.78 | 23.07.2022 | 18.01.2025/ 18.01.2025 | 13.07 % |
| 14 | Six Laning of Paravoor to Kottukulangara section of NH-66 (Old NH-47) on EPC mode | 37.5 | 1152/ 3175.85 | 29.08.2022 | 24.02.2025/ 24.02.2025 | 9.2 % |
| 15 | 4/6-laning of Kappirikkad-Thalikulam of NH-17 (New NH-66) on HAM Mode | 33.17 | 1258/ 3923.82 | 01.09.2022 | 27.02.2025/ 27.02.2025 | 16.01 % |
| 16 | 4/6-laning of Thalikulam-Kodungallur of NH-17 (New NH-66) on HAM Mode | 28.84 | 1420/ 3994.60 | 17.09.2022 | 15.03.2025/ 15.03.2025 | 15 % |
| 17 | Six Laning of Start of Kollam Bypass to Kadambattukonam of NH-66 (Old NH-47) on HAM Mode | 31.25 | 1385/ 3023.83 | 01.10.2022 | 29.03.2025/ 29.03.2025 | 20.21 % |
| 18. | 6-laning of Kodungallur- Edapally of NH-66 (Old NH-17) on HAM mode | 26.03 | 1617.2/ 3119.94 | 25.10.2022 | 22.04.2025/ 22.04.2025 | 13.96 % |
| 19. | 6-lane elevated highway between Aroor–Thuravoor section of NH-66 on EPC Mode | 12.75 | 1668.50/ 2427.21 | 01.02.2023 | 31.01.2026/ 31.01.2026 | 2.73 % |
| 20. | Widening/Development of existing NH-85 from Km.0+000 to Km.124+636 section of NH-85 to 2L/2L+PS section on EPC Mode | 124.636 | 910.59/ 1208.3 | 26.06.2023 | 25.06.2025/25. 06.2025 | 0 % |
| | **GRAND TOTAL** | **706.66 Km.** | **29704.54 Cr./ 58046.23 Cr.** | | | |